കോഴിക്കോട് വിമാനത്താവളത്തിൽ പ്രതികൂല കാലാവസ്ഥയിൽ വിമാനമിറങ്ങുന്നതിന് സ്വീകരിച്ച നടപടികൾ

41 (5717) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് വിമാനത്താവളത്തിൽ രാത്രി കാലത്ത് കാലാവസ്ഥ പ്രതികൂലമാകുന്ന സമയത്ത് വിമാനമിറങ്ങുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ? ;

ഉത്തരം

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ രാത്രി സമയത്തും പ്രതികൂല കാലാവസ്ഥയിലും വിമാനമിറങ്ങുന്നതിനായി താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് :

1. റൺവേ 28-ലും10-ലും ഡോപ്ലർ വെരി ഹൈ ഫ്രീക്വൻസി ഓമ്നി ഡൈറക്ഷണൽ റേഞ്ച്, ഡിസ്റ്റൻസ് മെഷറിംഗ് എക്യൂപ്മെന്റ് (DME) എന്നിവ ഉപയോഗിച്ച് വിമാനമിറങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാണ്. റൺവേ 28-ൽ ഇൻസ്ട്രുമെന്റ് ലാൻഡിംഗ് സംവിധാനവും (ILS) ലഭ്യമാണ്.

2. രാത്രി സമയത്ത് വിമാനം ഇറങ്ങുന്നതിനായി ഹൈ ഇന്റൻസിറ്റി എഡ്ജ് ലൈറ്റുകൾ, റൺവേ ലീഡ് ഇൻ ലൈറ്റുകൾ, ത്രെഷോൾഡ് ലൈറ്റുകൾ, റൺവേ എൻഡ് ലൈറ്റുകൾ, ടാക്സിവേ ലൈറ്റുകൾ, പ്രിസിഷൺ അപ്രോച്ച് പാത്ത് ഇൻഡിക്കേറ്റർ, ഏപ്രൺ ഫ്ളഡ് ലൈറ്റ് എന്നിവ ലഭ്യമാണ്.

3. രാത്രി സമയത്തും പ്രതികൂല കാലാവസ്ഥയിലും ഇൻഡ്യൻ സിവിൽ എയർപോർട്ടുകളിൽ വിവിധ വിമാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ആഭ്യന്തര വ്യോമയാന ഡയറക്ടർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള കാലാവസ്ഥ മാർഗ്ഗ നിർദ്ദേശങ്ങൾ ഇവിടെ പാലിക്കുന്നുണ്ട്. കൂടാതെ റൺവേ 10-ന് ILS എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഉപകരണങ്ങൾ സ്ഥാപിച്ചു. ഇതിന് കാലിബ്രേഷനും ആഭ്യന്തര വ്യോമയാന ഡയറക്ടർ ജനറലിന്റെ അംഗീകാരവും ലഭ്യമാകേണ്ടതുണ്ട്.

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ നിയമനം

42 (5720) ശ്രീ. പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലിചെയ്യുകയും പി.എച്ച്.ഡി. ചെയ്യുകയും ചെയ്യുന്ന ഉദ്യോഗാർത്ഥികളെ കുറഞ്ഞ തസ്തികകളിൽ നിയമിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly